<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ആറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2986 20.12.2012-ൽ മറുപടിക്ക്

# ഗോൾഫ് ക്ലബ്ബിനു കിഴക്കുവശത്തായി താമസിക്കുന്ന കോളനി നിവാസികൾക്ക് പൊതുവഴി നൽകുന്നതിനുള്ള നടപടി

| ചോദ്യം<br>ശ്രീ.വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| തിരുവനന്തപുരം ഗോൾഫ് ക്ലബ്ബിനു കിഴക്കുവശത്തായി മതിലിനോട് ചേർന്ന് താമസിക്കുന്ന കോളനി നിവാസികൾക്ക് പതിനഞ്ച് അടി വീതിയിൽ പൊതു വഴി നൽകുന്നതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ? | പേരൂർക്കട വില്ലേജിൽ സർക്കാർ ഗോൾഫ് കോഴ്സിൽ ഉൾപ്പെട്ട (റീ സർവ്വേ നം.4) 25.38 ഏക്കർ വസ്തുവിന്റെ കിഴക്കേമതിലിനോട് ചേർന്ന് വാഹന സൗകര്യമുള്ള റോഡ് സർക്കാർ വസ്തുവിൽ കൂടി വേണമെന്നാവശ്യപ്പെട്ട് ദേവി നഗർ റസിഡൻസ് അസോസിയേഷൻ സമർപ്പിച്ച ഹർജിയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. 1997-ൽ നിയമസഭയുടെ പെറ്റീഷൻ കമ്മിറ്റി നടത്തിയ അന്വേഷണത്തിൽ കടപ്പത്തല നഗറിലെ 150-ഓളം കുടുംബങ്ങൾക്ക് ഗോൾഫ് കോഴ്സിന്റെ കോമ്പൗണ്ടിൽ നിന്ന് 15 അടി വീതിയിൽ വഴി സ്ഥലം അനുവദിക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.ഹർജികൾ സംബന്ധിച്ച സമിതിയുടെ ശുപാർശ നടപ്പിലാക്കാത്തതിനെതിരെ ദേവി നഗർ റസിഡൻസ് അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത |

| | |
|---|---|
| | WP(C)20345/08 നമ്പർ കേസും, ലൈസൻസ് വ്യവസ്ഥകൾ ലംഘിച്ച് സ്വകാര്യ ക്ലബ്ബ് കൈവശം വച്ചിരുന്ന ഭൂമി ഏറ്റെടുത്തതിനെതിരെ പ്രസ്തുത ക്ലബ്ബ് തന്നെ ഫയൽ ചെയ്ത RFA No. 666/2010 നമ്പർ കേസും ഇപ്പോൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. തിരുവനന്തപുരം ഗോൾഫ് കോഴ്സ് ഉൾപ്പെടുന്ന സർക്കാർ ഭൂമി സംബന്ധിച്ച നടപടി സ്വീകരിക്കുന്നത് പ്രസ്തുത കേസുകളിലെ ബഹു. ഹൈക്കോടതി വിധിക്ക് അനുസൃതമായിട്ടായിരിക്കും. |

സെക്ഷൻ ഓഫീസർ